പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 294 04.02.2013 - ൽ മറുപടിയ്ക്ക്

## ശ്രീകാന്ത് മോഹനന്റെ മരണം സംബന്ധിച്ച അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വെട്ടി എസ്റ്റേറ്റിൽ ഫീൽഡ് ഓഫീസറായി ജോലി ചെയ്തു വന്ന ശ്രീകാന്ത് മോഹനന്റെ മരണം സംബന്ധിച്ച അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; | (എ) | ശ്രീകാന്ത് മോഹനനെ കാണാതായത് സംബന്ധിച്ച് 01.12.2012 തീയതിയിൽ മലമ്പുഴ പി.എസ്. ക്രൈം നം. 1121/12 U/s. 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് മലമ്പുഴയിലെ കവറക്കുണ്ട് എന്ന സ്ഥലത്ത് മലവെള്ളം പതിക്കുന്നിടത്ത് നിന്നും ശ്രീകാന്ത് മോഹനന്റെ മൃതദേഹം കണ്ടെത്തുകയും ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം ടി കേസിൽ 03.12.12 ൽ സെക്ഷൻ 174 Cr.PC. ആയി ഭേദഗതി ചെയ്ത് അന്വേഷണം നടത്തി വരുന്നതുമാണ്. |
| (ബി) | ഏത് ഏജൻസിയെയാണ് അന്വേഷണചുമതല ഏൽപ്പിച്ചിട്ടുള്ളത്; അന്വേഷണപുരോഗതി വ്യക്തമാക്കുമോ ? | (ബി) | ടി കേസിന്റെ അന്വേഷണം മലമ്പുഴ പോലീസ് സബ് ഇൻസ്പെക്ടർ നടത്തിവരികയാണ്. കേസന്വേഷണത്തിൽ മരണപ്പെട്ട ശ്രീകാന്ത് മോഹൻ മുഖം കഴുകുന്നതിനായി മലവെള്ളം വീഴുന്ന കവറകുണ്ടിൽ ഇറങ്ങിയ സമയം അപകടത്തിൽപ്പെട്ട് മുങ്ങിമരണപ്പെട്ടതായാണ് വെളിവായിട്ടുള്ളത്. പോസ്റ്റുമാർട്ടം നടത്തിയ തൃശൂർ മെഡിക്കൽ കോളേജ് സർജന്റെ റിപ്പോർട്ടിൽ മരണ കാരണമായി രേഖപ്പെടുത്തിയിരി- |

ക്കുന്നത് Death due to drowning എന്നാണ്. കേസ് അന്വേഷണാവ-സ്ഥയിലാണ്.

സെക്ഷൻ ഓഫീസർ